രീതിയിലുള്ള പരാമർശമായി കാണേണ്ടിവരും. ചട്ടം 305-ൽ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും നടപടിക്രമവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം ആധികാരിക രേഖയല്ലെന്ന് പറയുന്നത് നീക്കം ചെയ്യുകൊണ്ട് ഇത് ആധികാരിക രേഖയാണെന്നുള്ളത് ഉറപ്പുവരുത്താനുള്ള നടപടി ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റൂളിംഗ്

മി. സ്പീക്കർ: കേരള ഹൈക്കോടതി പരിസരത്തുവച്ച് 2016 ജൂലൈ 20-ന് മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് നടന്ന ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ 2020 ജൂൺ 30-ാം തീയതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം അത് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസമുണ്ടായതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ആർ. മഹേഷ് ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ കാലതാമസമുണ്ടായതിനുള്ള കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് തൊട്ടടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത് നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ ആമുഖത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ഒരു വാചകത്തിന്റെ പ്രസക്തി സംബന്ധിച്ചാണ്. മലയാളത്തിലുള്ള സഭാ നടപടി ചട്ടങ്ങളിൽ ആമുഖത്തിന്റെ അവസാനം "ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല" എന്നാണ് ചേർത്തിരിക്കുന്നത്.

നമ്മുടെ നിയമസഭാ നടപടി ചട്ടങ്ങൾ രൂപപ്പെട്ടത് 1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടി ചട്ടങ്ങളിൽനിന്നാണ്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ലെ ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചട്ടങ്ങളായി പിന്നീട് അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നല്കിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നത് നിമിത്തമാണ് ഇന്നും സഭാചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷായി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്. അത് ആധികാരികമാണെന്ന് പറയാനാകില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യമുണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്നൊരു നിയമപരമായ മുന്നറിയിപ്പാണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്നത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് മാത്രമാണ്. നമ്മുടെ ഔദ്യോഗിക ഭാഷയായ മലയാളത്തിന്റെ പ്രാധാന്യത്തെയോ പ്രാമുഖ്യത്തെയോ ഈ പ്രയോഗം ഒരു തരത്തിലും ഹനിക്കുന്നില്ലെന്ന് മാത്രമല്ല മലയാളഭാഷയെ അപമാനിക്കുന്നുമില്ലെന്നുകൂടി ഇത്തരുണത്തിൽ അങ്ങയേയും ഈ സഭയേയും അറിയിക്കാൻ ചെയർ ആഗ്രഹിക്കുന്നു.

ഒരു കാര്യംകൂടി ഇതിനോടനുബന്ധിച്ച് അറിയിക്കാൻ ചെയർ ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടേയും കാലാകാലങ്ങളിലുണ്ടാകുന്ന അതിന്റെ ഭേദഗതികളുടേയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുന്നതാണെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു. അതേ മാതൃകയിൽ നമ്മുടെ സഭാചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക തർജ്ജമയായി സഭ അംഗീകരിക്കുന്ന പക്ഷം ആയത് ഇംഗ്ലീഷ് വേർഷൻപോലെ ആധികാരിക രേഖയായി അംഗീകരിക്കാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള ഒരു നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ലെന്നാണ് കാണുന്നത്. അതിനായുള്ള പരിശ്രമം നമുക്ക് കൂട്ടായി നടത്താവുന്നതാണെന്നുകൂടി അറിയിക്കുന്നു.

VII. ധനകാര്യം

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. മുരളി പെരുനെല്ലി: സർ, ഒന്നാം പിണറായി സർക്കാരിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഇല്ലാതിരുന്ന ചില പ്രത്യേക പ്രശ്നങ്ങളുംകൂടി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട